(4) കൊട്ടാരക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പി.സി. രാജന്റെ കൊലപാതകം

ശ്രീ. ഏഴുകോൺ നാരായണൻ : സർ, കൊട്ടാരക്കര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നേവിയിൽനിന്നും വിരമിച്ച 37 വയസ്സുമാത്രം പ്രായമുള്ള പി.സി. രാജനെ സി.പി.എം. നിലേശ്വരം ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി സഖാവ് ഗോപാലകൃഷ്ണൻ കുത്തിക്കൊലപ്പെടുത്തിയ സംഭവമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. കഴിഞ്ഞ 19-ാം തീയതി ശനിയാഴ്ച വൈകിട്ട് ഏഴര മണിയോടുകൂടി കോൺഗ്രസ്സിന്റെ പ്രവർത്തകനായ പി.സി. രാജനെ സി.പി.എം. ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി കുത്തിക്കൊലപ്പെടുത്തുകയുണ്ടായി. 35 വയസ്സ് പ്രായമുള്ള ഭാര്യയും, പതിനൊന്നും നാലും വയസ്സ് പ്രായമുള്ള രണ്ടു പെൺകുട്ടികളുമുള്ള കുടുംബത്തിന്റെ അത്താണിയായിരുന്നു മരിച്ചുപോയ രാജൻ. പ്രതിയായ സി.പി.എം.ന്റെ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി ഗോപാലകൃഷ്ണന്റെ പേരിൽ കേസ്സെടുത്തുവെങ്കിലും ഇന്നലെ രാത്രി 12.30 വരെ പ്രതിയെ അറസ്റ്റുചെയ്തിട്ടില്ല. അതിനുശേഷം അറസ്റ്റുചെയ്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല. രാജനെ കൊലപ്പെടുത്തിയ കേസ്സിൽ പ്രതിയെ ഉടൻ അറസ്റ്റു ചെയ്യുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കൊല്ലം നെടുവത്തൂർ ചെങ്കല്ലൂർ തറയിൽ വീട്ടിൽ രാജനെ 19.2.2000-ന് രാത്രി കൊട്ടാരക്കര നീലേശ്വരത്തുവച്ച് നെടുവത്തൂർ മനേഷ് ഭവനിൽ ഗോപാലകൃഷ്ണൻ കുത്തിമുറിവേൽപ്പിക്കുകയും ആശുപത്രിയിലേയ്ക്കുള്ള വഴിമദ്ധ്യേ രാജൻ മരണപ്പെടുകയുമുണ്ടായി. ഇതുസംബന്ധിച്ച് കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം 131/2000 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രതിയെ അറസ്റ്റുചെയ്ത് നടപടികൾ ത്വരിതപ്പെടുത്തുവാൻ കൊല്ലം പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) മത്സ്യത്തൊഴിലാളി പെൻഷൻ കിട്ടാത്തതു മൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ആന്റണി രാജു : സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 16 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്. ഈ പെൻഷൻ കുടിശ്ശിക നൽകുന്നതിനായി പ്രധാനമായും തുക ഈടാക്കി വരുന്നത് കയറ്റുമതിക്കാരായ മുതലാളിമാരിൽ നിന്നാണ്. അവർ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കാനുള്ള കോടിക്കണക്കിനു രൂപ ബാക്കി നിൽക്കുകയുമാണ്. കേരളത്തിൽനിന്നുള്ള കയറ്റുമതിക്കാരായ കുത്തക മുതലാളിമാർ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക അടച്ചുതീർക്കാനുമുണ്ട്. 16 മാസത്തെ കുടിശ്ശിക നൽകാത്തതുമൂലം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇന്ന് ഏറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി 16 മാസത്തെ കുടിശ്ശിക നൽകാനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 21 മാസത്തെ പെൻഷൻ കുടിശ്ശികയായിരുന്നു. അതാതു മാസത്തെ പെൻഷൻ കൊടുത്തു തീർക്കണം. കുടിശ്ശിക പരമാവധി കൊടുത്തു തീർക്കാനുള്ള നടപടികൾ നടന്നുവരികയാണ്. കയറ്റുമതിക്കാർ ക്ഷേമനിധിയിലേയ്ക്കു അടയ്ക്കേണ്ട വിഹിതത്തിൽനിന്ന് യഥാസമയം വിഹിതം പിരിച്ചെടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly